## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1054 | 14/06/2012-ൽ മറുപടിയ്ക്ക്

## പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സർക്കാരിന്റെ 15-11-2011-ലെ സ.ഉ. (എം.എസ്) 419/2011/റവ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച പുനരധിവാസ നയമനുസരിച്ച് പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താൻ ഉത്തരവായിട്ടുണ്ട്. അതുപോലെ തന്നെ വീടുകളുടേയും മറ്റ് നിർമ്മിതികളുടേയും വില കണക്കാക്കുമ്പോൾ ഡിപ്രീസിയേഷൻ കണക്കാക്കാതെയുള്ള വില നിശ്ചയിക്കാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) ഇപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി വിട്ടുതരുന്നവരുടെ ആവശ്യങ്ങൾ അംഗീകരിച്ചും, നഷ്ടപരിഹാര തുക നൽകിയതിനു ശേഷവും മാത്രമേ ഭൂമി ഏറ്റെടുക്കാവൂ എന്ന നിർദ്ദേശം നടപ്പിൽ വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) പൊന്നുംവില ചട്ടം 15(1) അനുസരിച്ച് ഭൂമി ഏറ്റെടുത്ത ശേഷം മാത്രമേ നഷ്ടപരിഹാരം നൽകാൻ നിർവ്വാഹമുള്ളൂ. ഭൂമി ഏറ്റെടുക്കുമ്പോൾ തന്നെ നഷ്ടപരിഹാരം ഭൂവുടമകൾക്ക് നൽകുന്നതാണ്. |

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഹെക്ടർ ഭൂമി പൊതു ആവശ്യങ്ങൾക്കായി ഏറ്റെടുത്തു; ആയതിലേയ്ക്ക് ചെലവഴിച്ച തുക എത്ര ; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പൊതു ആവശ്യങ്ങൾക്കായി 250.5657 ഹെക്ടർ ഭൂമി ഏറ്റെടുത്തു. ഇതിനായി 131,78,11,752/- രുപ ചെലവഴിച്ചു. ഏറ്റെടുത്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഏറ്റെടുത്ത ഭൂമി (ഹെക്ടറിൽ) | ചെലവഴിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 14.7166 | 39,39,99,806 |
| കൊല്ലം | 0.2300 | 51,46,619 |
| പത്തനംതിട്ട | 5.4708 | 7,89,59,467 |
| ആലപ്പുഴ | 5.5207 | 3,08,58,918 |
| കോട്ടയം | 11.6446 | 7,05,59,397 |
| ഇടുക്കി | ഇല്ല | - |
| എറണാകുളം | 1.7989 | 18,29,40,433 |
| തൃശ്ശൂർ | 0.6519 | 2,64,62,625 |
| പാലക്കാട് | 87.8709 | 2,37,50,130 |
| മലപ്പുറം | 7.3455 | 10,58,20,487 |
| കോഴിക്കോട് | 65.7459 | 29,13,31,832 |
| വയനാട് | 7.7883 | 2,88,02,491 |
| കണ്ണൂർ | 41.4892 | 7,79,89,269 |
| കാസറഗോഡ് | 0.2924 | 11,90,278 |
| **ആകെ** | **250.5657** | **131,78,11,752** |

സെക്ഷൻ ഓഫീസർ.